പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 166

05.12.2018 -ൽ മറുപടിക്ക്.

## പമ്പയിലും സന്നിധാനത്തും ന്യായവില ഹോട്ടലുകൾ

ചോദ്യം

**ശ്രീ.ഇ.കെ.വിജയൻ**
**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ.മുഹമ്മദ് മുഹസിൻ പി.**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) ശബരിമല തീർത്ഥാടനകാലത്ത് ഭക്തജനങ്ങളെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി ഭക്ഷ്യ വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(എ) ശബരിമല തീർത്ഥാടനകാലത്ത് ഭക്തജനങ്ങളെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ശബരിമല സന്നിധാനത്തും, പമ്പ, നിലയ്ക്കൽ ഉൾപ്പെടെ പത്തനംതിട്ട ജില്ലയിലെ ഇതര ഭാഗങ്ങളിലെ ഹോട്ടലുകളിലും മറ്റ് ഭക്ഷണശാലകളിലും വില്ക്കേണ്ട വെജിറ്റേറിയൻ ഭക്ഷണ സാധനങ്ങളുടെ വില ജില്ലാ കളക്ടർമാർ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇത് ആറ് ഭാഷകളിൽ അച്ചടിച്ച്, എല്ലാ ഹോട്ടലുകളിലും പ്രദർശിപ്പിക്കണമെന്ന കർശന നിർദ്ദേശം ഹോട്ടലുകൾക്ക് നല്കിയിട്ടുണ്ട്. കൂടാതെ ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഭക്ഷണ സാധനത്തിന്റെ വില വിവരം വലിയ ബാനറുകളിലും കട്ടൗട്ടുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഭക്ഷണ സാധനങ്ങൾക്ക് നിശ്ചയിച്ച വിലയിലും അധികമായി വാങ്ങി തീർത്ഥാടകരെ ചൂഷണം ചെയ്യുന്നത് തടയുന്നതിനായി ഊർജ്ജിത പരിശോധനകൾ നടത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സ്ക്വാഡുകൾ സന്നിധാനത്തും പമ്പയിലും നിലയ്ക്കലും പ്രവർത്തിക്കുന്നു. ഇതിനു പുറമെ പത്തനംതിട്ട ജില്ലയിലെ ഇതര ഭാഗങ്ങളിൽ പരിശോധനയ്ക്കായി ഒരു ഔട്ടർ പമ്പാ സ്ക്വാഡും വകുപ്പിലെ അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ ശബരിമല മണ്ഡല-മകര വിളക്ക് മഹോത്സവുമായി ബന്ധപ്പെട്ട് സംസ്ഥാന-അന്തർ സംസ്ഥാന തീർത്ഥാടകർ ധാരാളമായി വരാൻ സാധ്യതയുള്ള ഇടുക്കി, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ ഹോട്ടലുകളിലും ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിച്ച് പൊതുജനങ്ങൾ കാണുന്ന രീതിയിൽ പ്രദർശിപ്പിക്കണമെന്നും, തീർത്ഥാടകർ കടന്നു വരാൻ സാധ്യതയുള്ള മറ്റ് ജില്ലകളിലെ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ വില പൊതുജനങ്ങൾ

| | |
|---|---|
| | കാണുന്ന രീതിയിൽ പ്രദർശിപ്പിക്കണമെന്നും അത് കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തണമെന്നും അതാത് ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ റവന്യൂ , ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. |
| **(ബി)** തീർത്ഥാടന കാലത്ത് പമ്പയിലും സന്നിധാനത്തും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ന്യായവില ഹോട്ടലുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; | **(ബി)** പമ്പയിലും സന്നിധാനത്തും തീർത്ഥാടന കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഹോട്ടലുകൾ ആരംഭിക്കുന്നതിന് നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. |
| **(സി)** കേരളാ സിവിൽ സപ്ലൈസ് കോർപ്പറേഷന് പമ്പയിലും സന്നിധാനത്തും സ്വന്തമായി ഭൂമിയുണ്ടോയെന്ന് അറിയിക്കുമോ? | **(സി)** കേരളാ സിവിൽ സപ്ലൈസ് കോർപ്പറേഷന് പമ്പയിലും സന്നിധാനത്തും സ്വന്തമായി ഭൂമിയില്ല. |

**സെക്ഷൻ ഓഫീസർ**